ഉത്തരം

(എ) ഉണ്ട്.

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) എന്ന നിയമം ഇപ്പോൾ നിലവിലുണ്ട്. ഈ നിയമപ്രകാരം 14 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെക്കൊണ്ട് കഠിനപ്രയത്നം ആവശ്യമില്ലാത്ത ജോലികൾ ചില വ്യവസായങ്ങൾക്ക് വിധേയമായി ചെയ്യിക്കുന്നത് ശിക്ഷാർഹമല്ല. ഇത് ഒരു കേന്ദ്ര നിയമമാണ്. ബാലവേല പൂർണ്ണമായി നിരോധിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി ബാല തൊഴിലാളികളുടെ മോചനവും പുനരധിവാസവും എന്ന പേരിലുള്ള ബിൽ സംസ്ഥാന സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) 10-12-1996-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പണിയെടുക്കുന്ന കുട്ടികൾക്ക് തൊഴിലുടമകളുടെ സഹകരണത്തോടെ വിദ്യാഭ്യാസം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. ഇതിന്റെ ചുമതല സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനാണ്. ഈ ആവശ്യത്തിനായി തൊഴിൽ വകുപ്പ് 15 ലക്ഷം രൂപ വിദ്യാഭ്യാസവകുപ്പിനു നൽകിയിട്ടുണ്ട്. ടി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി ജില്ലകളിൽ എഡ്യൂക്കേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ബാല തൊഴിലാളികളുടെ യഥാർത്ഥ കണക്ക് ശേഖരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് മുഖേന സമഗ്രമായ ഒരു സർവെ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത സർവെയുടെ റിപ്പോർട്ടിന്റെയും സർക്കാർ കൊണ്ടുവരുന്ന നിയമനിർമ്മാണത്തിന്റെയും അടിസ്ഥാനത്തിൽ ഉചിതമായ പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതാണ്.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിലെ ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ

52 [1357] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകളുടെ എണ്ണം അറിയിക്കുമോ;

(ബി) ഈ തസ്തികയിൽ ഇപ്പോൾ എത്ര പേർ ജോലി ചെയ്യുന്നു;

(സി) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) നിലവിലുള്ള ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിൽ 14 ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ ഉണ്ട്.

(ബി) ഈ തസ്തികയിൽ ഇപ്പോൾ 10 പേർ ജോലി ചെയ്യുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അടുത്ത കാലത്ത് നിയമിക്കപ്പെട്ട 3 ഇൻസ്പെക്ടർമാർ 'ഇൻസർവ്വീസ് ' പരിശീലനത്തിലാണ്.

(സി) 1 (ഒന്ന്). ഈ ഒഴിവ് 'ഡയിംഗ് ഇൻ ഹാർനസ്' പദ്ധതി പ്രകാരം നിയമം നടത്താൻ നീക്കിവച്ചിരിക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിലെ യു. ഡി. ക്ളാർക്കുമാർ

53 [1358] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചത് എന്നാണ്;

(ബി) ആരോഗ്യവകുപ്പ് വിഭജിച്ച് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റ് രൂപീകരിച്ച സമയത്ത് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിൽ എത്ര യു. ഡി. ക്ളാർക്കുമാർ ഉണ്ടായിരുന്നു;

(സി) ഡിപ്പാർട്ടുമെന്റ് വിഭജനത്തെ തുടർന്ന് എത്ര യു. ഡി. ക്ളാർക്കുമാർ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡിപ്പാർട്ടുമെന്റിലേക്ക് ഓപ്ഷൻ നൽകി;

(ഡി) മാതൃ ഡിപ്പാർട്ടുമെന്റായ ആരോഗ്യവകുപ്പിലേക്ക് ഇൻഷ്വറൻസ് മെഡിക്കൽ സ്ഥാപനങ്ങളിൽ വർക്ക് ചെയ്തിരുന്ന എത്ര യു. ഡി. ക്ളാർക്കുമാരെ അബ്സോർബ് ചെയ്തിട്ടുണ്ട്;

(ഇ) ആരോഗ്യവകുപ്പിലേക്ക് യു. ഡി. ക്ളാർക്കുമാരെ അബ്സോർബ് ചെയ്തതിന്റെ ഫലമായി ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസിൽ ഉണ്ടായ ഒഴിവുകളിൽ പ്രസ്തുത ഡിപ്പാർട്ടുമെന്റിലെ അർഹരായ എൽ. ഡി. ക്ളാർക്കുമാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ;

(എഫ്) മെഡിക്കൽ ഇൻഷ്വറൻസ് ഡയറക്ടറുടെ ശുപാർശ പ്രകാരം ഡിപ്പാർട്ടുമെന്റിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly